## റവന്യൂവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് കർമ്മ പദ്ധതി

**61 (2554)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) റവന്യൂവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്. വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യൂദിനമായി ആചരിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ഫെബ്രുവരി 24 റവന്യൂദിനമായി ആഘോഷിക്കുകയുണ്ടായി.

ഫെബ്രുവരി 24-ാം തീയതി റവന്യൂദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി റവന്യൂ ഓഫീസുകൾവഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനായും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസിൽദാർ, മികച്ച ഡെപ്യൂട്ടി തഹസിൽദാർ, മികച്ച സേവനം കാഴ്ചവയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തെരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകിവരുന്നു. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ചവയ്ക്കുന്ന ജില്ലാ കളക്ടർക്കും അന്നേ ദിവസം പുരസ്കാരം നൽകുന്നുണ്ട്. സർവ്വേ വകുപ്പിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിവരുന്നു. റവന്യൂ ദിനാചരണത്തോടനുബന്ധിച്ച് ദുരന്ത നിവാരണ ബോധവത്കരണ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) റവന്യൂദിനാചരണവുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഇത് ജീവനക്കാരിൽ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പ്രേരിതമാക്കുന്നു. അതുമൂലം സാധാരണക്കാരായ പൊതുജനത്തിന് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(സി) റവന്യൂവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം

**62 (2555)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന 2014-15-ൽ അനുവദിച്ചതും 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്തതുമായിട്ടുള്ള പ്രവൃത്തികളുടെ ഭരണാനുമതി റദ്ദുചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ റദ്ദുചെയ്ത നടപടി പുനഃപരിശോധിക്കുവാനും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമുള്ള കാലപരിധി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ&ബി) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly